പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5877 — 04.07.2019-ൽ മറുപടിയ്ക്ക്

## റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാജേഷ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലെയും റോഡിന്റെ ഇരുഭാഗങ്ങളിലെയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഈ നടപടികൾകൊണ്ട് ഉണ്ടായ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഒഴിഞ്ഞ് പോകാൻ ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. നോട്ടീസ് കാലാവധി കഴിഞ്ഞിട്ടും ഒഴിഞ്ഞ് പോകാത്തവരെ പോലീസ്, റവന്യൂ വകുപ്പുകളുടെ സഹായത്തോടെ ഒഴിപ്പിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കാറുണ്ട്. |
| (ബി) റോഡിന്റെ ഇരുപുറങ്ങളിലുമുള്ള സ്ഥലം കയ്യേറി കച്ചവടസ്ഥാപനങ്ങൾ നടത്തുകയോ മതിൽ കെട്ടിമറയ്ക്കുകയോ ചെയ്യുവർ സ്വയം ഒഴിഞ്ഞുപോകുന്നതിന് അതത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് ഓഫീസിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നോട്ടീസ് നൽകാറുണ്ടോ; | (ബി) | ഉണ്ട്. |
| (സി) പ്രസ്തുത നടപടികൾക്ക് ശേഷവും ഒഴിഞ്ഞുപോകാത്തവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ; | (സി) | നോട്ടീസ് കൊടുത്തിട്ടും ഒഴിഞ്ഞ് പോകാത്തവരെ പോലീസ്, റവന്യൂ അധികൃതരുടെ സഹായത്തോടെ കൈയ്യേറ്റം ഒഴിപ്പിയ്ക്കുന്നതിന് പൊളിച്ച് മാറ്റൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) റോഡിന്റെയും കാനയുടെയും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിനും നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതിനും | (ഡി) | റോഡിന്റെയും, കാനയുടെയും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും, ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് |

| | |
|---|---|
| കേസെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതാണ് കാരണം. ലോക്കൽ പോലീസ്, റവന്യൂ, എൽ.എസ്.ജി.ഡി എന്നിവർക്ക് പ്രാദേശിക ഘടകങ്ങളുടെ സഹായം കിട്ടാത്തതാണ് പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ അനാസ്ഥയ്ക്ക് കാരണം. പ്രാദേശിക സാമൂഹ്യ പ്രവർത്തകരും പലപ്പോഴും ഒഴിപ്പിക്കലിനെതിരേ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുന്നതിന് ശ്രമിച്ചിട്ടുണ്ട്. സമഗ്രമായ ഒരു നിയമമാണ് ആവശ്യം. ഹൈവേ പ്രൊട്ടക്ഷൻ ആക്ട്, റോഡ് സേഫ്റ്റി ആക്ട്, പൊതുമരാത്ത് വകുപ്പ് മാന്വൽ, പരിസ്ഥിതി നിയമങ്ങൾ, ഐ.പി.സി എന്നീ നിയമങ്ങൾ കണക്കിലെടുത്തുള്ള പുതിയ നിയമം കേരളത്തിൽ ആവശ്യമാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ പൊതുമരമാത്ത് വകുപ്പ് റോഡുകൾ കയ്യേറി വാടകയ്ക്ക് വാഹനങ്ങൾ പാർക്ക് ചെയ്യും പണം ഈടാക്കാൻ സ്വകാര്യ വ്യക്തികളെ നിയമിച്ച് കടുത്ത നിയമ ലംഘനം നടത്തി വരുന്നു. ഇങ്ങനെ പിരിക്കുന്ന പണം മുഴുവൻ കോർപ്പറേഷൻ അക്കൗണ്ടിൽ ഇടുന്നുണ്ടോ എന്നറിയില്ല. പണത്തിന്റെ കണക്ക് നാളിതുവരെ റോഡിന്റെ ഉടമസ്ഥരായ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടില്ല. അനുവാദവും വാങ്ങിയിട്ടില്ല. ഇത് അവസാനിപ്പിക്കാൻ ഔദ്യോഗികമായി പൊതുമരാമത്ത് വകുപ്പ് മന്ത്രി തന്നെ നിർദ്ദേശിച്ചിട്ടും അനുസരിച്ചിട്ടില്ല. കാരേജ് വേയിലെ രണ്ടു സൈഡിലും പണം വാങ്ങി കോർപ്പറേഷൻ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം വാഹന പാർക്കിംഗ് നടത്തുന്നു.<br><br>ഇങ്ങനെ കേരളത്തിൽ വ്യാപകമായി നടക്കുന്ന നിയമ ലംഘനങ്ങളും കയ്യേറ്റങ്ങളും അവസാനിപ്പിക്കാൻ കർശന നിയമം വേണം. |

സെക്ഷൻ ഓഫീസർ